LIBRARY ARCHIVES Kerala Legislative Assembly

കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകർ

120 [438] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കാർഷിക മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട് പ്രത്യേക പാക്കേജുകൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; ഇതിൽ ഏതിനൊക്കെ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്;

(ബി) യു.ഡി.എഫ്. സർക്കാർ കാർഷിക മേഖലയ്ക്കുവേണ്ടി എന്തെങ്കിലും പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് ഇതുവരെ എത്ര തുക ചിലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കാർഷിക മേഖലയുടെ വികസനത്തിന് 2001-2002, 2002-2003, 2003-2004 വർഷങ്ങളിൽ എത്ര തുക ചെലവാക്കി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചയും കൊടും വരൾച്ചയും തരണം ചെയ്യുവാൻ വേണ്ടി 2004 ജനുവരിയിൽ 1359 കോടി രൂപയുടെ ഒരു പാക്കേജും 2004 ഏപ്രിലിൽ 2844.90 കോടി രൂപയുടെ ഒരു പാക്കേജും കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചതിന്റെ ഫലമായി 77.57 കോടി രൂപയും എസ്.ജി.ആർ.വൈ. പദ്ധതി പ്രകാരം 10,300 ടൺ അരിയും കേന്ദ്രത്തിൽനിന്നും അനുവദിക്കുകയുണ്ടായി. 2004 ജൂലൈ മാസത്തിൽ 3847 കോടി രൂപയുടെ ഒരു സമഗ്ര പാക്കേജ്, മെമ്മോറാണ്ടമായി കേന്ദ്രസർക്കാരിന് സമർപ്പിച്ചതിന്റെയും സംസ്ഥാന ഗവൺമെന്റിന്റെ നിരന്തരമായ സമ്മർദ്ദത്തിന്റെയും ഫലമായി കേന്ദ്രസർക്കാരിന്റെ ഒരു മൾട്ടി ഡിസിപ്ലിനറി ടീം കേരളം സന്ദർശിച്ചു. ടീമിന്റെ ശുപാർശയുടെ ഫലമായി 2005 ജനുവരിയിൽ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനും മറ്റുമായി 106 കോടി രൂപയും കുരുമുളകിന്റെയും കശുമാവിന്റെയും റീ പ്ലാന്റിംഗിനുവേണ്ടി 30 കോടി രൂപ അനുവദിച്ചിട്ടുള്ളതിന്റെ ആദ്യപടിയായി 10 കോടി രൂപയും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കർഷകരെ വിലത്തകർച്ചയിൽ നിന്നും രക്ഷിക്കാൻവേണ്ടി സംസ്ഥാന സർക്കാർ 95 കോടി രൂപയുടെ ഒരു സ്പെഷ്യൽ പാക്കേജ് പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. ഇതുവരെ 41.606 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. 2001-2002-ൽ പ്രഖ്യാപിച്ചെങ്കിലും പദ്ധതികൾ നടപ്പിലാക്കിയത് 2001-2002, 2002-2003, 2003-2004 എന്നീ വർഷങ്ങളിൽ ആയിരുന്നു. കൊപ്രാ ഡ്രയറുകളുടെ സ്ഥാപിക്കൽ 2004-2005 വർഷത്തിലും നടപ്പിലാക്കിവരുന്നു.

(സി) കാർഷിക മേഖലയുടെ വികസനത്തിനായി സംസ്ഥാന പ്ലാൻ ഫണ്ടും കേന്ദ്ര വിഹിതവും ഉൾപ്പെടെ 2001-2002-ൽ 110.64 കോടി രൂപയും, 2002-2003-ൽ 120.48 കോടി രൂപയും, 2003-2004-ൽ 73.96 കോടി രൂപയും, ചെലവാക്കിയിട്ടുണ്ട്.